## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 44** | **08-10-2024 - ൽ മറുപടിയ്ക്ക്**

## വ്യവസായ വകുപ്പിന്റെ നാലാം നൂറുദിന കർമപരിപാടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീമതി സി. കെ. ആശ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ നാലാം നൂറുദിന കർമപരിപാടികൾക്ക് വ്യവസായ വകുപ്പ് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്.<br><br>42 പദ്ധതികൾ 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 06/10/2024 വരെയുള്ള കണക്ക് പ്രകാരം 31 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കർമ്മപരിപാടിയിൽ സംരംഭ സഭ, സൂപ്പർ കപ്പാസിറ്റർ ഉൽപ്പാദന പ്ലാന്റ്, കെ.എം.എം.എൽ-ൽ ആസിഡ് റിക്കവറി പ്ലാന്റിന്റെ നിർമ്മാണം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്.<br><br>ഓരോ പഞ്ചായത്തിലും നിലവിലുള്ള സംരംഭങ്ങളിലെ പ്രതിനിധികളുടെ യോഗം സംരംഭകസഭ എന്ന പേരിൽ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കണ്ണൂരിലെ കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡിൽ രൂപം കൊടുത്തിട്ടുള്ള സൂപ്പർ കപ്പാസിറ്റർ ഉദ്പാദന കേന്ദ്രത്തിന്റെ ആദ്യഘട്ടം പൂർത്തിയാക്കി ഉദ്ഘാടനം കഴിഞ്ഞിരിക്കുന്നു. കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡിലെ ടി. പി. യൂണിറ്റിലാണ് ആസിഡ് റിക്കവറി പ്ലാന്റിന്റെ നിർമാണത്തിന് പദ്ധതിയിട്ടിരിക്കുന്നത്. ഇതിന്റെ ഉദ്ഘാടനവും നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പരിപാടിയുടെ ഭാഗമായി നിക്ഷേപകരുടെ സംസ്ഥാനതല സംഗമം സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (സി) | നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി സംസ്ഥാനത്ത് നിക്ഷേപകരുടെ സംസ്ഥാനതല സംഗമം എറണാകുളത്ത് വെച്ച് 2024 ജൂലൈ മാസത്തിൽ സംഘടിപ്പിച്ചിരുന്നു. |
| (ഡി) | ‘ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം ഒരു ഉൽപ്പന്നം’ എന്ന പദ്ധതി വ്യവസായ വകുപ്പിന്റെ നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | ഉണ്ട്.<br><br>ഒരു പ്രത്യേക ഉത്പന്നത്തിന്റെ മൂല്യ വർദ്ധനവിനെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് പരമാവധി 50,000/- രൂപയാണ് സാമ്പത്തിക സഹായമായി നൽകുന്നത്. നമ്മുടെ |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത് 456 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉത്പന്നങ്ങൾ കണ്ടെത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ